ദേശീയ സെമിനാർ
ഇന്നുമുതൽ - 02-09-2024

# ദേശീയ സെമിനാർ ഇന്ന് മുതൽ

കൊച്ചി: കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആറും ( സിഫ്റ്റ് ) സൊസൈറ്റി ഓഫ് ഫിഷറീസ് ടെക്നോളജിസ്റ്റ് ഇന്ത്യയും (സോഫ്ടി) സഹകരിച്ച് 'അക്വാ ഫുഡ് എക്സലൻസ്: മത്സ്യസംസ്കരണ രംഗത്തെ നൂതന ആശയങ്ങൾ' എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. ഇന്ന് മുതൽ നാലുവരെ കൊച്ചിയിലെ സിഫ്റ്റിലാണ് ദേശീയ സെമിനാർ.

ജലജന്യ ഉല്പന്നങ്ങളുടെ മൂല്യവും സുസ്ഥിരതയും വർധിപ്പിക്കുന്നതിനായുള്ള മത്സ്യ സംസ്കരണ വ്യവസായത്തിലെ ഏറ്റവും പുതിയ നൂതന ആശയങ്ങളെ കുറിച്ച് സെമിനാർ ചർച്ച ചെയ്യും.

വൈകിട്ട് 3.30ന് സംസ്ഥാന വ്യവസായ മന്ത്രി പി രാജീവ് സെമിനാർ ഉദ്ഘാടനം ചെയ്യും. വിവിധ മേഖലകളിൽ നിന്നായി നൂറോളം പ്രതിനിധികൾ സെമിനാറിൽ പങ്കെടുക്കും.